(10) ഭൂതത്താൻകെട്ട് മിനി വൈദ്യുത പദ്ധതിയുടെ പ്രവർത്തനം

ശ്രീ. വി.ജെ. പൗലോസ് : സർ, ലോവർ പെരിയാർ, കുട്ടംപുഴയാർ, ഇടമലയാർ, പെരിയാർ എന്നീ നദികൾ ഒഴുകി എത്തുന്നത് തടഞ്ഞുനിർത്തിയിരിക്കുന്ന ഭൂതത്താൻ അണക്കെട്ടിലാണ് ഇടമലയാറിൽനിന്നും ലോവർപെരിയാറിൽനിന്നും വൈദ്യുതി ഉല്പാദിപ്പിച്ചതിനുശേഷം തുറന്നുവിടുന്ന ജലവും എത്തിച്ചേരുന്നത്. ജലവിതാനം ഒരിക്കലും താഴാത്ത ഒരു ജലസംഭരണിയാണ് ഭൂതത്താൻകെട്ട്. വർഷകാലത്ത് മൂന്നു മാസക്കാലത്തേക്ക് അണക്കെട്ട് പൂർണ്ണമായി തുറന്നുവിടും ജലം സംഭരിച്ച് നിർത്തുമ്പോൾ ഏലൂർ, ആലുവ, കളമശ്ശേരി വ്യവസായ മേഖലയ്ക്കും എറണാകുളം, ആലുവ, പെരുമ്പാവൂർ ആദിയായ മേഖലകളിലെ കുടിവെള്ള ആവശ്യത്തിനുംവേണ്ടി എന്നും നിശ്ചിത അളവിൽ തുറന്നുവിടുന്ന പാഴായി പോകുന്ന ജലം ഉപയോഗിച്ച് 16 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാമെന്ന് കണ്ടെത്തിയതിനെ തുടർന്ന് വിഭാവനം ചെയ്തതാണ് ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതി. മേൽപ്പറഞ്ഞ പദ്ധതിക്ക് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ഉൾപ്പെടെയുള്ള എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും അനുമതിയോടെ 1988-ൽ ശ്രീ. ശിവദാസ മേനോൻ ആരംഭിച്ച നടപടി, 7 വർഷത്തിനുശേഷം ശ്രീ. കാർത്തികേയൻ അനുമതി കൊടുത്ത് സംഭരിച്ച മിനി ജല വൈദ്യുത പദ്ധതിയുടെ പ്രവർത്തനം ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ഉൾപ്പെടെ അനാവശ്യമായ തർക്കങ്ങളും ആവശ്യങ്ങളുമനുസരിച്ച് മുടക്കിയിരിക്കുകയാണ്. വൈദ്യുതി ക്ഷാമമനുഭവിക്കുന്ന കേരളത്തിൽ കുറഞ്ഞ ചെലവിൽ പാഴായിപ്പോകുന്ന ജലമുപയോഗിച്ച് 16 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ സൗകര്യമുണ്ടായിട്ടും പദ്ധതി നിർവ്വഹണത്തിൽ വന്നുചേരുന്ന തടസ്സങ്ങൾ നീക്കിക്കൊടുക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡ് വരുത്തിയ ഗുരുതരമായ വീഴ്ചയും അനാസ്ഥയും പ്രതിഷേധാർഹമാണ്. ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് ഈ കാര്യത്തിലിടപെട്ട് ഇറിഗേഷൻ മന്ത്രി, ഇറിഗേഷൻ സെക്രട്ടറി, സീനിയർ ഉദ്യോഗസ്ഥന്മാർ, ആവശ്യമെങ്കിൽ മറ്റ് ഇതര ഡിപ്പാർട്ടുമെന്റിലെ ആളുകൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഹൈലെവൽ മീറ്റിംഗ് വിളിച്ചുകൂട്ടി ആവശ്യമായ നടപടി സ്വീകരിച്ച് പദ്ധതി പ്രവർത്തനം പൂർത്തീകരിക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിന് 2.18 ഹെക്ടർ ഇറിഗേഷൻ ഭൂമി സിലിക്കൺ മെറ്റാലിക് ലിമിറ്റഡ് എന്ന കമ്പനിക്ക് കൈമാറേണ്ടതുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബാരേജിന്റെ ഗേറ്റുകൾക്ക് ഒരു കോടി രൂപയോളം ചെലവു വരുന്നു. റിപ്പയർ ജോലികൾ ചെയ്യണമെന്ന് കമ്പനിയോട് ഇറിഗേഷൻ വകുപ്പ് നിർദ്ദേശിച്ചു, എന്നാൽ ഈ പണികൾക്കുള്ള തുക പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന അവസരത്തിൽ വിഭാവന ചെയ്തിരുന്നില്ല. അതിനാൽ പ്രസ്തുത പണികൾ ചെയ്യുന്നതിന് കമ്പനി വിസമ്മതിക്കുകയും പണികൾ നിറുത്തിവച്ചിരിക്കുകയുമാണ്. ഇറിഗേഷൻ ഭൂമി കൈയേറിക്കൊണ്ടുള്ള എഗ്രിമെന്റും ഒപ്പുവച്ചിട്ടില്ല. ബഹുമാനപ്പെട്ട മെംബർ സൂചിപ്പിച്ചതുപോലെ പ്രശ്നം ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് ഇറിഗേഷൻ വകുപ്പിലെ ബന്ധപ്പെട്ടവരുമായി ആലോചിച്ച് അടിയന്തിരമായി കോൺഫറൻസ് വിളിച്ചുചേർത്ത് തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly